**പതിമൂന്നാം കേരള നിയമസഭ**

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2531

**18.02.2016**-ലെ മറുപടിക്ക്

## പട്ടികജാതി സങ്കേതങ്ങളിൽ ഹോമിയോ ഹെൽത്ത് സെന്ററുകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ഐ.സി.ബാലകൃഷ്ണൻ**<br>**ശ്രീ.വി.പി.സജീന്ദ്രൻ**<br>**ശ്രീ.സി.പി.മുഹമ്മദ്**<br>**ശ്രീ.ടി.എൻ. പ്രതാപൻ** | | **ശ്രീ. എ.പി.അനിൽ കുമാർ**<br>**(പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി)** | |
| എ) | സംസ്ഥാനത്ത് പട്ടികജാതി സങ്കേതങ്ങളിൽ ഹോമിയോ ഹെൽത്ത് സെന്ററുകൾ ആരംഭിക്കുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്; | (എ) | പട്ടികജാതി സങ്കേതങ്ങളിൽ ഹോമിയോ ഹെൽത്ത് സെന്ററുകൾ ആരംഭിക്കുന്നതിന് പട്ടികജാതി വികസന വകുപ്പ് പ്രത്യേക കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടില്ല. എന്നാൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർ തിങ്ങിപ്പാർക്കുന്നതും, 2.5 KM ചുറ്റളവിനുള്ളിൽ മറ്റ് ആരോഗ്യ സംവിധാന കേന്ദ്രങ്ങൾ നിലവില്ലാത്തതുമായ 29 പട്ടികജാതി കോളനികളിൽ ഹോമിയോ ഹെൽത്ത് സെന്ററുകൾ ആരംഭിക്കുന്നതിന് 2011-12 സാമ്പത്തിക വർഷം ഹോമിയോപ്പതി ഡയറക്ടർ ഒരു പ്രൊപ്പോസൽ സമർപ്പിക്കുകയും, ആയത് സർക്കാർ അംഗീകരിക്കുകയും ചെയ്തിരുന്നു. അപ്രകാരം ആരംഭിച്ച ഹോമിയോ ഹെൽത്ത് സെന്ററുകൾ പട്ടികജാതി വികസന വകുപ്പിന്റെ ധനസഹായത്തോടെ ഇപ്പോഴും പ്രവർത്തിച്ചു വരുന്നു. 2011-12 ന് ശേഷം പുതിയ ഹോമിയോ ഹെൽത്ത് സെന്ററുകളൊന്നും ആരംഭിച്ചിട്ടില്ല |
| ബി) | എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; | (ബി) | 1) ഹോമിയോ ചികിത്സ രോഗികളായ പട്ടികജാതിക്കാർക്ക് ലഭ്യമാക്കുക.<br>2) പകർച്ച വ്യാധികൾ പടർന്ന് പിടിക്കുന്നത് തടയുക.<br>3)വ്യക്തിശുചിത്വം,പരിസരശുചിത്വം എന്നിവ പാലിക്കേണ്ടതിന്റെ ആവശ്യകതയെ കുറിച്ച് അവബോധം നല്കുക.<br>4) മദ്യപാനം, പുകവലി, വെറ്റിലമുറുക്ക് എന്നിവയുടെ ദൂഷ്യവശങ്ങളെ സംബന്ധിച്ച് അവബോധം, ചികിത്സ എന്നിവ നല്കൽ തുടങ്ങിയവയാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിട്ടിരുന്നത്. |
| സി) | ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | (സി) | 2011- 12 സാമ്പത്തികവർഷം ഹോമിയോപ്പതി ഡയറക്ടർ 29 ഹോമിയോ ഹെൽത്ത് സെന്ററുകൾ ആരംഭിക്കുന്നതിന് സമർപ്പിച്ച പ്രോജക്ട് സർക്കാർ അംഗീകരിക്കുകയും അവയുടെ നടത്തിപ്പിനായി 165.93 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തിരുന്നു. കൂടാതെ പ്രസ്തുത വർഷം ഹോമിയോ |

| | | | | |
|---|---|---|---|---|
| • | | | | ഹെൽത്ത് സെന്ററുകൾക്കാവശ്യമായ ഫർണിച്ചർ വാങ്ങുന്നതിനും 35.96 ലക്ഷം രൂപ അനുവദിച്ചിരുന്നു. 2013-14 വർഷം പ്രസ്തുത ഹോമിയോ ഹെൽത്ത് സെന്ററുകളുടെ തുടർച്ചയ്ക്കായി 189.08 ലക്ഷം രൂപയും, 2014-15 വർഷം 206.48 ലക്ഷം രൂപയും അനുവദിച്ചിരുന്നു. 2015- 16 വർഷം പ്രസ്തുത സെന്ററുകളുടെ തുടർച്ചയ്ക്കായി 206.48 ലക്ഷം രൂപ അനുവദിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ